പാഠപുസ്തകങ്ങൾ

*൨൧൯. (൨൧൮) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഇക്കൊല്ലം സ്കൂൾ തുറന്ന കുട്ടികൾക്ക് പുതിയ പുസ്തകങ്ങൾ വാങ്ങിയതിനു ശേഷം ചില പുസ്തകങ്ങൾ മാറുവാനും അതുമൂലം വിദ്യാർത്ഥികൾക്കു പല കഷ്ടനഷ്ടങ്ങൾ സഹിക്കാനും ഇടവന്നിട്ടുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഒരു പുസ്തകം മാറാനിടയായി. പ്രസ്തുത പുസ്തകത്തിന്റെ പ്രതികൾ അച്ചടിച്ചു വിതരണം ചെയ്യുന്നതിന് മുൻപായിത്തന്നെ മാറ്റത്തിനുള്ള ഉത്തരവു പുറപ്പെടുവിച്ചു. അതുമൂലം വിദ്യാർത്ഥികൾക്ക് കഷ്ടനഷ്ടങ്ങൾ സഹിക്കാൻ ഇടവന്നതായി അറിവില്ല.

INTEGRATION OF SERVICES

*220. [117] **Sri. A. R. Karayalar:** Will the Hon'ble Minister for Education be pleased to state.—

(*a*) whether the integration of services in the Education Department has been carried out;

(*b*) what was the total number of graduate teachers actually employed in the Department on the date of integration;

(*c*) what was the number of vacancies in the first, second and third grades on that date;

(*d*) have they all been filled up and brought up to date before the integration of services; and

(*e*) if so have the original grade proportion 1: 2: 3 (viz one first grade, two second grades and three third grades) and the original scales of pay have been kept up regarding vacancies commencing prior to the date of integration of the State?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**): (*a*) No.

(*b*) to (*e*) These do not arise in view of answer to (*a*) above.

REPRESENTATION

*221. [118] **Sri. A. R. Karayalar:** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government have received any representation from the public of Shencottah to raise the local middle school for girls into a High school; and

(*b*) if so what are the steps that the Government have taken so far?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**): (*a*) Yes.

(*b*) It is not practicable to raise the institution to a High school this educational year.

Unstarred Questions

നെല്ലുസംഭരണം

൪. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിമന്ത്രി സദയം മറുപടി നൽകുമോ.—

അമ്പലപ്പുഴ താലൂക്കിൽനിന്നും ൧൯൫൪, ൧൯൫൫ എന്നീ വർഷങ്ങളിൽ എത്രപറ നെല്ലുവീതം ഗവൺമെന്റിൽനിന്നും സംഭരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഫ ഫ ഫ ര-ഫ ഠ ഉ ന ഫ പറ

ഫ ഫ ഫ ഉ-ഉ വ ര ഉ ഫ ,,

ചേർത്തല മിഡിൽ സ്കൂൾ

൪. (൪) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂളിനോടുചേർന്ന വടക്കുവശത്തുള്ള മിഡിൽ സ്കൂൾ കെട്ടിടം ഇരിക്കുന്ന സ്ഥലത്തു് സ്കൂളിനു് ചുറ്റും വർഷകാലത്തു് ഉദ്ദേശം മുട്ടോളം വെള്ളം കെട്ടിനില്ക്കുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു് ആ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് പലവിധ സുഖക്കേടുകൾക്കും ഇടയാക്കുന്നതാണെന്നു ഗവൺമെണ്ടിനറിയാമോ;

(സി) സ്കൂൾ കാമ്പൗണ്ടിനു് കിഴക്കും പടിഞ്ഞാറുമുള്ള റോഡുകളും പടിഞ്ഞാറുവശമുള്ള സ്ഥലങ്ങളും ടി കാമ്പൗണ്ടിനേക്കാൾ പൊങ്ങിക്കിടക്കുന്നതാണു് ഇതിനുള്ള കാരണമെന്നു ഗവൺമെണ്ടിനറിയാമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വർഷകാലത്തു് വലിയ മഴയുണ്ടാകുന്ന ദിവസങ്ങളിൽ ഉദ്ദേശം ഒരു് ഇഞ്ചു് മുതൽ ഒൻപതിഞ്ചുവരെ വെള്ളം ഈ സ്ഥലത്തു് കെട്ടിനില്ക്കാറുണ്ടെന്നു അന്വേഷണത്തിൽ അറിയുന്നു.

(ബി) ഇതുകൊണ്ടു് സുഖക്കേടുകൾ ഉണ്ടായതായി ഗവൺമെണ്ടിന്റെ അറിവിൽ പെട്ടിട്ടില്ല.

(സി) അറിയാം. സ്കൂൾ കാമ്പൗണ്ടിന്റെ മൂന്നുവശത്തുമുള്ള റോഡുകൾ അല്പം ഉയർന്നു നിരപ്പിലാണു് കിടക്കുന്നതു്.

ഡോക്ടർമാർ

൫. (൫) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തലയിൽ ഇപ്പോഴുള്ള ആശുപത്രികൾ, ഡിസ്പെൻസറികൾ, Bi-weekly Dispensary-കൾ ഇതുകളുടെ യഥാക്രമമുള്ള എണ്ണമെത്ര;

(ബി) ഇതിൽ എല്ലാംകൂടി എത്ര ഡാക്ടർമാർ ഉണ്ടു്; അതിൽ സർജ്ജന്മാർ എത്ര, ഫിസിഷ്യന്മാർ എത്ര; ഈ താലൂക്കിലെ മൊത്തം ജനസംഖ്യയുമായി നോക്കുമ്പോൾ എത്രായിരം ആളുകൾക്കു് ഒരു ഡോക്ടർ ഉണ്ടു്?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഗവൺമെണ്ടു് ആശുപത്രികൾ ൨

ഗവൺമെണ്ടു് ഡിസ്പെൻസറികൾ ൨

ബൈവീക്കിലി ഡിസ്പെൻസറികൾ ൨.

(ബി) ഈ സ്ഥാപനങ്ങളിൽ ആകെ ൩ അസിസ്റ്റൻറ് സർജ്ജന്മാരുണ്ടു്. ഫസ്റ്റ് ഫ-ലെ സെൻസസിൻപ്രകാരം തല്ലൂക്കിലെ ജനസംഖ്യ ൧,൦൦,൦൦൦ ആളുകൾക്കു് ഒരു ഡാക്ടർ വീതം ഉണ്ടു്. എന്നാൽ താലൂക്കിലെ ആകെ മൊത്തം ജനസംഖ്യ നോക്കിയല്ല ഡാക്ടർമാരെ നിയമിക്കുന്നതു്. ഓരോ പ്രദേശത്തെയും ജനനിബിഡതയനുസരിച്ചു് ആവശ്യാനുസരണമാണു് നിയമനങ്ങളും നടത്തുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly